LIBRARY ARCHIVES Kerala Legislative Assembly

ഇ.എം.സി നേരിട്ട് നടപ്പിലാക്കിയ പദ്ധതികളുടെ ഇനത്തിൽ 25 പീക്കോ ജലവൈദ്യുത പദ്ധതികളും (30kW മൊത്തം സ്ഥാപിത ശേഷിയുള്ളവ) നടപ്പിലാക്കിയിരുന്നു. ഇതുകൂടാതെ ഒരു 20kW സ്ഥാപിതശേഷിയുള്ള വോർട്ടെക്സ് സാങ്കേതികവിദ്യ ഉപയോഗിച്ച് വൈദ്യുതി ഉണ്ടാക്കുന്ന പദ്ധതിയും (കാടുവെട്ടി) നിർമ്മിച്ച് ഗ്രിഡിൽ കണക്ട് ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തിന്റെ വൈദ്യുതി ഉപഭോഗം

166(436) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വൈദ്യുതി ഉപഭോഗത്തിൽ നിലവിൽ എത്ര മെഗാവാട്ട് വൈദ്യുതി കേരളത്തിൽ ഉത്പാദിപ്പിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

നിലവിൽ 3185.64 മെഗാവാട്ട് വൈദ്യുതി കേരളത്തിൽ ഉത്പാദിപ്പിക്കുന്നുണ്ട്.

(ബി) കേരളത്തിന് പുറത്തുനിന്ന് ഏതൊക്കെ സ്രോതസ്സുകളിൽനിന്നും എത്ര മെഗാവാട്ട് വൈദ്യുതി സംസ്ഥാന സർക്കാർ ഏതുനിരക്കിൽ ലഭ്യമാക്കുന്നുവെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്തിന് പുറത്ത് കേന്ദ്രപൂളിൽനിന്ന് (1741 MW) വൈദ്യുതിയും സംസ്ഥാനത്തിന് പുറത്തുള്ള സ്വതന്ത്ര താപ വൈദ്യുതി ഉല്പാദകരിൽനിന്ന് (1215 MW) വൈദ്യുതിയും ദീർഘകാല കരാറടിസ്ഥാനത്തിൽ വാങ്ങുന്നുണ്ട്. ഇവയുടെ വിശദാംശങ്ങളും വൈദ്യുതി വാങ്ങൽ നിരക്കും അനുബന്ധമായി ചേർത്തിരിക്കുന്നു*. ഇവയ്ക്കുപുറമേ വൈദ്യുതിയുടെ അപ്രതീക്ഷിത ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി ദൈനംദിനാവശ്യങ്ങൾക്കായി പവർ എക്സ്ചേഞ്ച് മുഖേനയും ഹ്രസ്വകാല കരാർ മുഖേനയും ബാങ്കിംഗ് സംവിധാനത്തിലൂടെയും സംസ്ഥാനം പുറമേനിന്ന് വൈദ്യുതി വാങ്ങിവരുന്നു.

വൈദ്യുതി കണക്ഷൻ ലഭിക്കാത്ത വീടുകൾ

167(437) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ സർക്കാർ അധികാരത്തിലെത്തുമ്പോൾ വൈദ്യുതി കണക്ഷൻ ലഭിക്കാത്ത എത്ര വീടുകളുണ്ടായിരുന്നുയെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

2016-ൽ സർക്കാർ അധികാരത്തിലെത്തുമ്പോൾ വൈദ്യുതീകരിക്കാത്ത വീടുകളെ സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമാക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. വിപുലമായ സംവിധാനങ്ങൾ തയ്യാറാക്കി. സെക്ഷൻ ഓഫീസ് വഴിയും ജനപ്രതിനിധികൾ മുഖേനയും അപേക്ഷകർ Missed Call നൽകുമ്പോൾ കെ.എസ്.ഇ.ബി.-യുടെ "Customer Care Centre" -ലെ ജീവനക്കാർ ഗുണഭോക്താവിനെ ബന്ധപ്പെട്ട് അപേക്ഷ രജിസ്റ്റർ ചെയ്യുന്ന സംവിധാനം ഏർപ്പെടുത്തിയും ഗുണഭോക്താക്കൾക്ക് പദ്ധതിയിൽ അപേക്ഷ സമർപ്പിക്കാൻ അവസരം നൽകി. എല്ലാത്തിനുംപുറമേ ജീവനക്കാർ വീടുവീടാന്തരം കയറിയിറങ്ങിയും രജിസ്റ്റർ ചെയ്യാത്ത ഗുണഭോക്താക്കളെ കണ്ടെത്തുകയും അപേക്ഷകൾ രജിസ്റ്റർ ചെയ്യുന്നതിനും മറ്റുവിവരങ്ങൾ ശേഖരിക്കുന്നതിനുമായി Web Portal രൂപീകരിക്കുകയും ചെയ്തിരുന്നു. ഇപ്രകാരം 1.51 ലക്ഷത്തോളം ഗുണഭോക്താക്കളെ കണ്ടെത്തുകയും സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം വൈദ്യുതി എത്തിക്കുകയും ചെയ്തു.

(ബി) 2016-2021 കാലഘട്ടത്തിൽ പുതുതായി എത്ര വീടുകളിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കാമോ?

2016-2021 കാലഘട്ടത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിൽ നൽകിയതുൾപ്പെടെ പുതുതായി 8,90,959 വീടുകളിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ സാധിച്ചു.

(സി) നിലവിൽ സംസ്ഥാനത്ത് വൈദ്യുതി കണക്ഷൻ ലഭിക്കാത്ത എത്ര വീടുകളുണ്ടെന്ന് വ്യക്തമാക്കാമോ?

വയറിംഗ് പൂർത്തീകരിച്ചുകൊണ്ട് വൈദ്യുതി കണക്ഷനുകൾക്കുള്ള അപേക്ഷ സമർപ്പിക്കുന്ന എല്ലാ ഗുണഭോക്താക്കൾക്കും ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ൽ പറഞ്ഞിരിക്കുന്ന സമയപരിധി പാലിച്ചുകൊണ്ട് കെ.എസ്.ഇ.ബി.എൽ. വൈദ്യുതി കണക്ഷൻ നൽകിവരുന്നു. എന്നാൽ വയറിംഗ് പൂർത്തീകരിക്കാത്തതോ വയറിംഗ് പൂർത്തീകരിച്ചിട്ടും വൈദ്യുതി കണക്ഷന് അപേക്ഷ സമർപ്പിക്കാത്തതോ ആയ വീടുകളുടെ എണ്ണം കെ.എസ്.ഇ.ബി.-യിൽ ലഭ്യമല്ല.

വൈദ്യുതി മീറ്ററുകളിലെ പോരായ്മകൾ പരിഹരിക്കാൻ നടപടി

168(438) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുത ഉപഭോക്താക്കൾ, മീറ്ററിലുണ്ടാകുന്ന പോരായ്മമൂലം അവരുടേതല്ലാത്ത കുറ്റത്തിന് അമിത ബില്ല് നൽകേണ്ട അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുമോ?